# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1719 14.08.2017- ൽ മറുപടിയ്ക്ക്

**നോർക്കയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്ക് നൈപുണ്യ വികസന പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. യു.ആർ. പ്രദീപ് | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി നോർക്ക വകുപ്പ് നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് തൊഴിൽ പരമായ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലിൽ മികവ് പുലർത്തുന്നതിനായി നോർക്ക റൂട്ട്സ് നടത്തി വരുന്ന പരിപാടിയാണ് തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി (Skill Upgradation Training Programme). |
| ബി) എങ്കിൽ ഏത് ഏജൻസിയാണ് ഇപ്രകാരമുള്ള പരിശീലനങ്ങൾ നല്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | ബി) നിലവിൽ സർക്കാർ ഐ.ടി.ഐ.കൾ മുഖാന്തിരമാണ് വിദേശത്ത് തൊഴിൽ സാധ്യതയുള്ള വിവിധ സാങ്കേതിക മേഖലകളിൽ പരിശീലനം നല്കി വരുന്നത്. കൂടാതെ സർക്കാർ പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവയെയും ഉൾപ്പെടുത്തി വിപുലീകരിക്കാൻ പദ്ധതിയുണ്ട്. |
| സി) നൈപുണ്യ സർട്ടിഫിക്കേഷന് പുറമെ ഇതിന്റെ ഭാഗമായി തൊഴിൽ മേളകൾ സംഘടിപ്പിക്കാറുണ്ടോ ; വിശദ വിവരങ്ങൾ നൽകുമോ ? | സി) നൈപുണ്യ സർട്ടിഫിക്കേഷന്റെ ഭാഗമായി തൊഴിൽ മേള സംഘടിപ്പിച്ചിട്ടില്ല എന്നാൽ നൈപുണ്യ സർട്ടിഫിക്കേഷൻ ലഭിച്ച തൊഴിൽ അന്വേഷകരെ കൂടി ഉൾപ്പെടുത്തി നോർക്ക റിക്രൂട്ട്മെന്റ് സംവിധാനമായ ജോബ് പോർട്ടൽ മുഖാന്തിരം തൊഴിൽ മേളകൾ ചെയ്യാൻ പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ